**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 283** **04-10-2021 - ൽ മറുപടിയ്ക്ക്**

**ഭക്ഷ്യക്കിറ്റ് വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | റേഷൻകടകൾ വഴി ഓണത്തിനായുള്ള ഭക്ഷ്യക്കിറ്റ് വിതരണം ഓണത്തിന് മുമ്പ് പൂർത്തിയാകാത്തതിന്റെ കാരണം കണ്ടെത്തിയിട്ടുണ്ടോ; | (എ) | 2021 തിരുവോണത്തിനു മുമ്പ് റേഷൻകടകളിൽ സൗജന്യ ഓണകിറ്റ് വാങ്ങാൻ എത്തിയ എല്ലാ കാർഡുടമകൾക്കും ഓണക്കിറ്റ് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി സപ്ലൈകോ ഡിപ്പോകൾ, പാക്കിംഗ് സെൻററുകൾ, റേഷൻകടകൾ എന്നിവ 19/08/2021, 20/08/2021 (ഉത്രാടം) എന്നീ അവധി ദിവസങ്ങളിൽ വരെ പ്രവർത്തിച്ച് സൗജന്യ കിറ്റ് വിതരണം നടത്തിയിട്ടുണ്ട്. റേഷൻ കടകളിൽ സൗജന്യ കിറ്റ് ആവശ്യപ്പെട്ട് എത്തുന്ന എല്ലാവർക്കും കിറ്റ് ലഭ്യമാക്കാൻ ഡിപ്പോകൾക്ക് കർശന നിർദ്ദേശം നൽകിയിരുന്നു. ഓണത്തിന് കിറ്റ് കൈപ്പറ്റാൻ എത്താതിരുന്ന കാർഡുടമകൾക്കു കൂടി സൗജന്യ കിറ്റ് കൈപ്പറ്റാനായി കിറ്റ് വിതരണം 03/09/2021 വരെ ദീർഘിപ്പിച്ചിരുന്നു. |
| (ബി) | പ്രസ്തുത ഭക്ഷ്യക്കിറ്റിനൊപ്പം വിതരണം ചെയ്ത ഏലയ്ക്ക ലഭിക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ; | (ബി) | കിറ്റ് വിതരണത്തിന്റെ ആദ്യഘട്ടത്തിൽ ടെണ്ടർ പ്രകാരം പർച്ചേസ് ഓർഡർ നിശ്ചയിച്ചു നൽകിയ ഏജൻസികൾ ഏലയ്ക്ക വിതരണം ചെയ്യുന്നതിൽ കാലതാമസമുണ്ടാക്കിയിട്ടുണ്ട്. എന്നാൽ കിറ്റ് വിതരണം പുരോഗമിച്ചതോടെ ടെണ്ടർ പ്രകാരവും അംഗീകൃത നിരക്കുകളിൽ DMC മുഖേനയും ഏലയ്ക്കയുടെ ലഭ്യത ഉറപ്പാക്കി ഓണത്തിനു മുമ്പ് ബഹുഭൂരിപക്ഷം കിറ്റുകളും വിതരണം ചെയ്യാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ഗുണനിലവാരമില്ലാത്ത ഏലയ്ക്ക വിതരണം ചെയ്യേണ്ടിവന്നത് ചില ഇടനിലക്കാരെ ആശ്രയിക്കേണ്ടിവന്നതിനാലാണെന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സപ്ലൈകോ ഗുണനിലവാര മാനദണ്ഡങ്ങൾ കൃത്യമായി നിഷ്കർഷിച്ച് ഇ-ടെൻഡർ മുഖേനയും, സഹകരണ സംഘങ്ങളായ കൺസ്യൂമർഫെഡ്, റെയ്ഡ്കോ എന്നിവരിൽ നിന്നുമാണ് ഏലയ്ക്ക മുഖ്യമായും വാങ്ങിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ